SUPRABHATHAM - 01-12-2025

# മത്സ്യ മേഖല സ്റ്റാർട്ടപ്പുകൾക്ക് പിന്തുണ

കൊച്ചി ▸ രാജ്യത്തെ മത്സ്യാധിഷ്ഠിത സ്റ്റാർട്ടപ്പുകൾക്കും സാങ്കേതിക നവീകരണങ്ങൾക്കും സാമ്പത്തിക പിന്തുണ ഉറപ്പാക്കുന്ന ലക്ഷ്യത്തോടെ ഐ.സി.എ.ആർ–സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി (ഐ.സി.എ.ആർ–സി.ഐ.എഫ്.ടി), കൊച്ചി, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ (എസ്.ബി.ഐ.) യുമായി ധാരണാപത്രത്തിൽ ഒപ്പുവെച്ചു.

ഇരുസ്ഥാപനങ്ങളുടെയും ഉന്നതാധികാരികളുടെ സാന്നിധ്യത്തിലാണ് കരാർ ഒപ്പുവെച്ചത്. ഐ.സി.എ.ആർ–സി.ഐ.എഫ്.ടിയുടെ ഇൻസെഡ്.ടി.എം എ.ബി.ഐ സെന്റർ ദേശീയതലത്തിലുള്ള ഏകോപന കേന്ദ്രമായി പ്രവർത്തിച്ച് യോഗ്യരായവർക്ക് പിന്തുണയും പരിശീലനവും നൽകും. ഇൻസെഡ്.ടി.എം എ.ബി.ഐയിൽ രജിസ്റ്റർ ചെയ്ത സംരംഭകർക്ക് എസ്.ബി.ഐ മുൻഗണനാ അടിസ്ഥാനത്തിൽ വർക്ക് കാപിറ്റൽ, ടെം ലോൺ, സ്റ്റാർട്ടപ്പ് ഫിനാൻസിങ് എന്നിവ ഉൾപ്പെടെയുള്ള സാമ്പത്തിക സഹായങ്ങൾ പദ്ധതിയുടെ യോഗ്യതയും ബാങ്കിന്റെ മാനദണ്ഡങ്ങളും പരിഗണിച്ച് അനുവദിക്കുന്നതാണ്.